നമ്പർ: WCD-E1/4800/2021

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
തീയതി : 30/07/2021

# പരിപത്രം

വിഷയം - വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - അട്ടപ്പാടി ICDS പ്രോജക്ടിൽ സേവനമനുഷ്ഠിക്കാൻ താൽപര്യമുള്ള ജീവനക്കാരിൽ നിന്നും പ്രത്യേക അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്.

അട്ടപ്പാടി പോലുള്ള മലയോര പ്രദേശങ്ങളിൽ സേവനമനുഷ്ഠിക്കാൻ സന്നദ്ധത അറിയിച്ച് മുന്നോട്ട് വരുന്ന വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ/ ICDS സൂപ്പർവൈസർമാരെ അട്ടപ്പാടി ICDS പ്രോജക്ടിൽ നിയമിക്കുന്നത് ടി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനും അട്ടപ്പാടി ICDS പ്രോജക്ട് മുഖേന വകുപ്പ് നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആയത്, ടി മേഖലയിലെ വകുപ്പിന്റെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് വളരെ വേഗവും ഗുണകരമായും ലഭ്യമാക്കാൻ കഴിയുമെന്ന് വകുപ്പ് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ അട്ടപ്പാടി ICDS പ്രോജക്ടിൽ കുറഞ്ഞത് രണ്ട് വർഷക്കാലം തുടർച്ചയായി സേവനമനുഷ്ഠിക്കാൻ താൽപര്യമുള്ള ശിശുവികസന പദ്ധതി ഓഫീസർ/ ICDS സൂപ്പർവൈസർമാരിൽ നിന്നും പ്രത്യേകമായി അപേക്ഷ ക്ഷണിക്കുന്നു.

ഈ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിച്ച് അട്ടപ്പാടി ICDS പ്രോജക്ടിൽ തൃപ്തികരമായ രീതിയിൽ തുടർച്ചയായി രണ്ട് വർഷക്കാലം സേവനമനുഷ്ഠിക്കുന്ന ശിശുവികസന പദ്ധതി ഓഫീസർ/ ICDS സൂപ്പർവൈസർമാർ എന്നിവർക്ക് തുടർന്ന് വരുന്ന പൊതു സ്ഥലംമാറ്റത്തിന് സമർപ്പിക്കുന്ന അപേക്ഷയിന്മേൽ മുൻഗണന നൽകുന്നതാണ്.

അട്ടപ്പാടി ICDS പ്രോജക്ടിൽ സേവനമനുഷ്ഠിക്കാൻ താൽപര്യമുള്ള ശിശുവികസന പദ്ധതി ഓഫീസർ/ ICDS സൂപ്പർവൈസർമാർ ഈ പരിപത്രത്തിലെ തീയതി മുതൽ അഞ്ച് ദിവസത്തിനകം അപേക്ഷ അതാത് ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ജില്ല വനിതാ ശിശു വികസന ഓഫീസർ ശുപാർശയോട് കൂടി അന്നേ ദിവസം തന്നെ wcdestablishment2017@gmail.com എന്ന ഈമെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. തുടർന്ന് ഹാർഡ് കോപ്പി തപാൽ മുഖേനയും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**വനിത ശിശുവികസന ഡയറക്ടർക്ക് വേണ്ടി**

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ ICDS സൂപ്പർവൈസർമാർക്കും
എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

**പകർപ്പ് :**

1. സൂപ്രണ്ട്, ഐ. റ്റി. സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
2. സ്റ്റോക്ക് ഫയൽ/ സ്പെയർ